# പാറശ്ശാല ഭദ്രാസന ബുള്ളറ്റിൻ

വാല്യം 6 ലക്കം 3 മെയ് – ജൂലൈ 2023



## ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപ്പെരുന്നാൾ



പൂർണ്ണ ശെമ്മാശപട്ടം സ്വീകരിച്ചവർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം



ഹെവ്പ്പദ്യോക്ക്നോ പട്ടം സ്വീകരിച്ചവർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം





കോറൂയോ പട്ടം, വൈദിക വസ്ത്രം സ്വീകരിച്ചവർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 6 മെയ് – ജൂലൈ 2023 ലക്കം 3

TO BE EVERYTHING TO EVERYONE IN CHRIST

### ഉള്ളടക്കം

| | |
|---|---|
| ഇടയശബ്ദം | 2 |
| ഭദ്രാസന വാർത്തകൾ | 5 |
| വിശ്വാസ പരിശീലന കാര്യാലയം | 7 |
| എം.സി.വൈ.എം. | 14 |
| സെമിനാരി വാർത്തകൾ | 23 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 24 |
| ക്ഷേമ | 26 |

*Patron*
His Excellency
Thomas Mar Eusebius


*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Bijoy
Ooralivila

*(Private Circulation Only)*

# ഇടയശബ്ദം



സ്നേഹമുള്ളവരെ,

നമ്മുടെ വത്സല പിതാവ് മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മകൾ വിശുദ്ധമാക്കുന്ന ഒരു മാസമാണല്ലോ ജൂലൈ മാസം. വന്ദ്യ പിതാവിന്റെ അനേകം അപദാനങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്, പിതാവ് ഐക്യത്തിന്റെ പ്രവാചകനായിരുന്നു എന്നതാണ്. താൻ നേതൃത്വം നൽകിയ പുനരൈക്യ പ്രസ്ഥാനത്തിന്റെ പിന്നിലെ ചേതോവികാരം ഐക്യത്തിനായുള്ള പിതാവിന്റെ അദമ്യമായ ദാഹമായിരുന്നു. ഈ ഐക്യദർശനത്തിന് ആഴമുള്ള ഒരു ആധ്യാത്മിക അടിത്തറയുണ്ടായിരുന്നു; വിശാലമായ ഒരു ചക്രവാളം ഉണ്ടായിരുന്നു. പലപ്പോഴും ചിലരെങ്കിലും തെറ്റിദ്ധരിക്കാറുള്ളതുപോലെ പുത്തൻകൂറ്റ് സമൂഹത്തിന്റെ ഐക്യം മാത്രമായിരുന്നില്ല വന്ദ്യപിതാവിന്റെ ഐക്യദർശനത്തിന്റെ പ്രധാന മാനം. മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ ദർശനത്തിന്റെ ആത്മീയ സ്രോതസ്സ് ക്രിസ്തുനാഥന്റെ ഐക്യത്തിനായുള്ള വാഞ്ചയുടെ സാംശീകരണം ആയിരുന്നു. ക്രിസ്തുനാഥന്റെ ഏറ്റവും തീവ്രമായ പ്രാർത്ഥന ഐക്യത്തിനു വേണ്ടിയുള്ള പ്രാർത്ഥന യായിരുന്നു. താൻ തന്റെ പിതാവുമായി അനുഭവിക്കുന്ന ഐക്യം, പരിശുദ്ധ ത്രിത്വത്തിൽ പുലരുന്ന ഐക്യം, തന്റെ ശിഷ്യരുടെ മധ്യേയും തന്റെ സഭയിലും ഈ ലോകത്തിലും പുലരണമെന്ന് ക്രിസ്തു തീവ്രമായി ആഗ്രഹിച്ചു. പൂർണ്ണമായ പാരമ്പര്യത്തിന്റെ, തുറവിയുടെ, നൽകലിന്റെ, സ്വയം ഇല്ലാതാകാനുള്ള സന്നദ്ധതയുടെ ഈ ഐക്യം ലോകത്തിന്റെ മുഖമുദ്രയാകണം എന്ന് ക്രിസ്തുനാഥൻ ആഗ്രഹിച്ചു.

മാർ ഈവാനിയോസ് പിതാവിന്റെ ഐക്യദർശനത്തിന്റെ ചൈതന്യവും പിൻബലവും ദൃഷ്ടാന്തവും ഈ അനുഭവമായിരുന്നു. അതുകൊണ്ടുതന്നെ ഒരു വലിയ ലോകത്തിന്റെ ഐക്യ ശുശ്രൂഷകനാകുവാൻ അവിടുന്ന് ആഗ്രഹിച്ചു. പെരുനാട്ടിൽ നിന്നും മലയിറങ്ങി അദ്ദേഹം കൂടാരം അടിച്ചത് പുത്തൻകൂറ്റുകാർ ആരും ഇല്ലാതിരുന്ന അനന്തപുരിയിലായിരുന്നു. പിന്നീടുള്ള അദ്ദേഹത്തിന്റെ യാത്ര പ്രധാനമായും ദക്ഷിണ ദിക്കിലേക്കായിരുന്നു കന്യാകുമാരി വരെ. പുത്തൻകൂറ്റെന്നും

പഴയ കുറ്റെന്നും കേട്ടിട്ടു പോലുമില്ലാത്ത ഒരു ജനസമൂഹത്തിന്റെ മധ്യത്തിലേക്ക് അദ്ദേഹം ഇറങ്ങിചെന്നു. ഐക്യത്തിന്റെ പ്രവാചകനായി; ക്രിസ്തുവിൽ താൻ അനുഭവിച്ച സ്നേഹത്തിന്റെ അനുഭവം എല്ലാവർക്കും നൽകുവാനും ആ സ്നേഹത്തിൽ എല്ലാവരെയും ഒന്നിപ്പിക്കുവാനും ഉള്ള ഐക്യനിയോഗത്തിന്റെ പ്രവാചകനായി അദ്ദേഹം സഞ്ചരിച്ചു. ഇന്നത്തെ മാർത്താണ്ഡം ഭദ്രാസനവും പാറശ്ശാല ഭദ്രാസനവും തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള അനേകം സ്നേഹകൂട്ടായ്മകളും വന്ദ്യപിതാവിന്റെ വിശാലമായ ഈ ഐക്യദർശനത്തിന്റെ സ്ഥലങ്ങളാണ്.

നാം ജീവിക്കുന്ന ഇന്നത്തെ കാലത്ത് ഈ ഐക്യദർശനത്തിന് മുൻപെങ്ങും ഇല്ലാത്ത പ്രസക്തിയുണ്ട്. 90 വർഷങ്ങൾക്ക് മുൻപാണ് അഭിവന്ദ്യ പിതാവ് ഇപ്രകാരം ഒരു സുവിശേഷാത്മകമായ ഐക്യസമർപ്പണത്തിന് തന്റെ ജീവിതത്തെ വിട്ടുകൊടുത്തത്. 9 പതിറ്റാണ്ടുകൾ കഴിഞ്ഞു; നമ്മുടെ സമൂഹം വളരെ വിചിത്രമായ ഒരു അവസ്ഥയിലാണ് വന്നെത്തിനിൽക്കുന്നത്. ഐക്യം എന്ന മൂല്യം ഇത്രമാത്രം വെല്ലുവിളികളെ നേരിട്ട ഒരു സമയം നമ്മുടെ ഓർമ്മയിൽ ഉണ്ടാവുകയില്ല. വിഭാഗീയതയാൽ ഇത്രമാത്രം വികലമായ ഒരു സാമൂഹിക ചിത്രം നമുക്ക് പരിചയമില്ല. ഇത്രമാത്രം ശങ്കയില്ലാതെ ജാതി പറയുന്ന, ജാതി ചോദിക്കുന്ന, മത-സമുദായ പരിഗണനകൾ മുറിവേൽപ്പിച്ച ഒരു സാമൂഹിക അന്തരീക്ഷം നമ്മുടെ ഓർമ്മയിൽ ഇല്ല. നമ്മുടെ സമൂഹത്തിൽ ബോധപൂർവമായും അന്യായമായും പ്രതിഷ്ഠിക്കപ്പെടുന്ന ചിഹ്നങ്ങളുടെയും പ്രതീകങ്ങളുടെയും വ്യാപ്തിയും അത് മനുഷ്യമനസ്സുകളിൽ സംജാതമാക്കുന്ന ഭയത്തിന്റെയും വെറുപ്പിന്റെയും പരസ്പരവിശ്വാസരാഹിത്യത്തിന്റെയും അനുഭവങ്ങളും യഥാർത്ഥ ദൈവവിശ്വാസികളെ ആകുലപ്പെടുത്തുന്നതാണ്. ഇവിടെയാണ് മാർ ഈവാനിയോസ് എന്ന മനുഷ്യസ്നേഹിയുടെ പ്രബുദ്ധമായ ഐക്യദർശനം നമുക്ക് പ്രചോദനമാകേണ്ടത്.

ശാസ്ത്രം വളർന്നു, ലോകം വളർന്നു. ലോകത്തിന്റെ അതിരുകൾ വിശാലമായി. പക്ഷേ മനുഷ്യന്റെ ഉള്ളു മാത്രം ചെറുതായി. വളരെ ചെറിയ ഒരു ലോകത്തിലേക്ക് നമ്മുടെ കാഴ്ചപ്പാടുകളും പരിഗണനകളും ഇടപെടലുകളും പരിമിതപ്പെട്ടു. മാർ ഈവാനിയോസ് പിതാവ് നമുക്ക്

നൽകുന്ന ആഹ്വാനം, നമ്മുടെ ഉള്ള് വലുതാക്കുവാനുള്ള ഉള്ളിലെ ലോകം വിശാലമാക്കുവാനുള്ള വെല്ലുവിളിയാണ്. മത ചിന്തകൾ നമ്മെ അന്ധരാക്കുവാനുള്ളതല്ല പിന്നെയോ നമ്മുടെ ഉള്ള് കൂടുതൽ പ്രകാശിതമാക്കുവാനുള്ളതാണ്. മതസ്പർദ്ധ സ്ഫോടനാത്മകമായ നിലയിൽ വളർന്നുനിൽക്കുന്ന സമകാലീന സമൂഹത്തിൽ എല്ലാവരെയും ഉൾക്കൊള്ളുവാൻ നമ്മെ സന്നദ്ധമാക്കുന്ന ത്രിത്വ സ്നേഹത്തിന്റെ വിശ്വസ്നേഹത്തിന്റെ, ശക്തമായ സാക്ഷ്യം നൽകുവാൻ മാർ ഈവാനിയോസ് പിതാവ് സ്നേഹപൂർവ്വം നമ്മെ ക്ഷണിക്കുന്നു.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# ഭദ്രാസന വാർത്തകൾ

## ചായ്ക്കോട്ടുകോണം ദൈവാലയ കൂദാശ

പാറശ്ശാല ഭദ്രാസനത്തിലെ നെയ്യാറ്റിൻകര വൈദിക ജില്ലയിൽ ചായ്ക്കോട്ടുകോണം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. 2023 മെയ് 20 ന് ഉച്ച കഴിഞ്ഞ് 3.30 നാണ് അഭിവന്ദ്യ പിതാവ് കൂദാശ ചെയ്ത് ഇടവകയ്ക്ക് സമർപ്പിച്ചത്. വികാരി ജനറാൾ വന്ദ്യ ജോസ് കോണത്തുവിള അച്ചൻ, ഇടവക വികാരി ബഹു. ബിജോയ് ഊരാളിവിള അച്ചൻ, ബഹുമാന പ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, ഇടവകാംഗങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവർ കൂദാശാകർമ്മത്തിൽ സന്നിഹിതരായിരുന്നു.

## കള്ളിയൽ ദൈവാലയ കൂദാശ

പാറശ്ശാല ഭദ്രാസനത്തിലെ കാട്ടാക്കട വൈദിക ജില്ലയിൽ പുതുതായി നിർമ്മിച്ച കള്ളിയൽ നിത്യസഹായമാതാ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശകർമ്മം പാറശ്ശാല ഭദ്രാസ നാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോ ലീത്ത നിർവഹിച്ചു. 2023 മെയ് 27 ന് ഉച്ചകഴിഞ്ഞ് 3.30 നാണ് അഭിവന്ദ്യ പിതാവ് കൂദാശ ചെയ്ത് ഇടവകയ്ക്ക് സമർപ്പിച്ചത്. വികാരി ജനറാൾ വന്ദ്യ ജോസ് കോണത്തുവിള അച്ചൻ, ഇടവക വികാരി ബഹു. അബിൻ മുല്ലയ്ക്കൽ അച്ചൻ, ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, ഇടവകാം ഗങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവർ കൂദാശാകർമ്മത്തിൽ സന്നി ഹിതരായിരുന്നു.

## കരിപ്രക്കോണം കുരിശടി കൂദാശ

പാറശ്ശാല ഭദ്രാസനത്തിൽ കരിപ്രക്കോണം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിനുവേണ്ടി നിർമ്മിച്ച വേളാങ്കണ്ണി മാതാ വിന്റെ നാമധേയത്തിലുള്ള കുരിശടിയുടെ കൂദാശകർമ്മം പാറശ്ശാല



ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത 2023 ജൂൺ 29 ന് നിർവഹിച്ചു. ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, ഇടവകാംഗങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവർ കൂദാശാകർമ്മത്തിൽ സന്നിഹിതരായിരുന്നു.

## പുതിയ ജില്ലാ വികാരിമാർ

റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് മേക്കരികത്ത് - നെയ്യാറ്റിൻകര


റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ - ബാലരാമപുരം

## ആദരാഞ്ജലികൾ



പാറശ്ശാല ഭദ്രാസനാംഗം ബഹുമാനപ്പെട്ട ഷീൻ തങ്കാലയം അച്ചന്റെ വത്സല മാതാവ് രത്നകുമാരി (75) 2023 ജൂൺ 15-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ !!!

# വിശ്വാസ പരിശീലന കാര്യാലയം



## സർട്ടിഫിക്കറ്റ് പരീക്ഷയും സ്കോളർഷിപ്പ് പരീക്ഷയും

10, 12, ഡിഗ്രി മൂന്നാം വർഷം എന്നീ ക്ലാസുകളിലെ സർട്ടിഫിക്കറ്റ് പരീക്ഷയും, 3 മുതൽ 9 വരെയും ഡിഗ്രി ഒന്ന്, രണ്ട് വർഷ ക്ലാസുകളുടെ സ്കോളർഷിപ്പ് പരീക്ഷയും 2023 മെയ് മാസം 14-ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ വച്ചു നടത്തി. ഭദ്രാസന എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിലാണ് പരീക്ഷകൾ നടത്തിയത്. വൈദിക ജില്ലാ ഡയറക്ടേഴ്സ് പരീക്ഷകൾ നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തു. ചോദ്യപേപ്പറുകൾ ഭദ്രാസന കാര്യാലയത്തിൽ നിന്നും ക്രമീകരിച്ചു.

## മൂല്യ നിർണയ ക്യാമ്പ്

സർട്ടിഫിക്കറ്റ് പരീക്ഷകളുടെയും സ്കോളർഷിപ്പ് പരീക്ഷകളുടെയും മൂല്യനിർണ്ണയ ക്യാമ്പ് മെയ് മാസം 27-ാം തീയതി ചാരോട്ടുകോണം ദൈവാലയത്തിൽ വച്ച് നടന്നു. അധ്യാപകരും ബഹു. സിസ്റ്റേഴ്സും ഉൾപ്പെടെ 45-ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു. പരീക്ഷ പേപ്പറുകളും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡയറികളും മൂല്യനിർണയം നടത്തി. ക്യാമ്പിൽ വന്ന് സഹകരിച്ച എല്ലാവർക്കും ഈ സമയം നന്ദി അറിയിക്കുന്നു.

## ആദരവ്

വിശ്വാസ പരിശീലകരായി 25 വർഷം പിന്നിട്ടവരെ റബ്ബോനി 2023 ന്റെ ഉദ്ഘാടനസമ്മേളനത്തിൽ വച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത മെമന്റോയും പൊന്നാടയും നല്കി ആദരിക്കുകയും ഭദ്രാസനത്തിന്റെ നാമത്തിൽ നന്ദി അറിയിക്കുകയും ചെയ്തു.

## ഡിപ്ലോമ കോഴ്സ്

വിശ്വാസ പരിശീലകർക്കായി ഭദ്രാസനതലത്തിൽ ഒരു ഡിപ്ലോമ കോഴ്സ് ആരംഭിച്ചു. എല്ലാ അധ്യാപകരും അതിൽ പങ്കെടുക്കണമെന്ന്

നിർദ്ദേശം നല്കി. പാഠ്യഭാഗമായി കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം സംക്ഷേപം നിശ്ചയിച്ചു നല്കി. അധ്യാപകർക്കും 25 വയസ് പൂർത്തിയായവർക്കും ഡിപ്ലോമ കോഴ്സിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. 2023 ജൂലൈ 23 ന് പരീക്ഷ നടത്താൻ തീരുമാനിച്ചു.

## പ്രവേശനോത്സവ ഒരുക്കദിനം

2023 മെയ് മാസം 28-ാം തീയതി ഇടവകകളിൽ പ്രവേശനോത്സവത്തിന്റെ ഒരുക്കദിനമായി ആചരിക്കാൻ നിർദ്ദേശം നല്കി. അധ്യാപക മീറ്റിംഗ് കൂടി പ്രവേശനോത്സവത്തെ സംബന്ധിച്ചുള്ള അറിയിപ്പുകൾ വിദ്യാർത്ഥികൾക്ക് നല്കുന്നതിനും കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസ പരിശീലന ക്ലാസുകളിൽ പങ്കെടുത്ത കുട്ടികൾക്ക് ക്ലാസ് കയറ്റം നല്കുന്നതിനും തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കുന്നതിനും വേണ്ടിയാണ് പ്രവേശനോത്സവ ഒരുക്കദിനം ക്രമീകരിച്ചത്.

## പ്രവേശനോത്സവം



വിശ്വാസ പരിശീലന ക്ലാസുകൾ ഇടവകകളിൽ ഔദ്യോഗിക

മായി ആരംഭിക്കുന്നതിന്റെ ഭാഗമായി ജൂൺ മാസം 4-ാം തീയതി എല്ലാ ഇടവകകളും പ്രവേശനോത്സവമായി ആചരിക്കാൻ നിർദ്ദേശം നല്കി. പ്രവേശനോത്സവം ക്രമീകരിക്കുന്നതിനാവശ്യമായ പൊതുനിർദ്ദേശങ്ങളും നല്കി.

- ♦ അന്നത്തെ വി. കുർബാന കുഞ്ഞുങ്ങൾക്കായി അർപ്പിക്കുക.
- ♦ അധ്യാപകരും ആദ്യകുർബാന സ്വീകരിച്ച കുട്ടികളും കുമ്പസാരിച്ചൊരുങ്ങി വി. കുർബാന സ്വീകരിക്കുക.
- ♦ കാഴ്ച സമർപ്പണം നടത്തുക.
- ♦ പുതുതായി വിശ്വാസ പരിശീലന ക്ലാസുകളിലേക്ക് കടന്നുവരുന്ന കുട്ടികളെ ആഘോഷപൂർവ്വം സ്വീകരിക്കുക.
- ♦ കുട്ടികൾക്ക് ആദ്യാക്ഷരം കുറിക്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

ഭദ്രാസനതലത്തിൽ പ്രവേശനോത്സവത്തിന്റെ ഉത്ഘാടനം വെണ്ണിയൂർ ഇടവകയിൽ ക്രമീകരിച്ചു.

## പ്രഥമാധ്യാപക സംഗമം

2022-2023 അധ്യായന വർഷത്തെ പ്രഥമാധ്യാപക സംഗമം മെയ് മാസം 28-ാം തീയതി ബാലരാമപുരം ദൈവാലയത്തിൽ വച്ച് നടന്നു. ഈ അധ്യായന വർഷത്തേക്കുള്ള പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്തു.

## പരീക്ഷാഫലം

10, 12, ഡിഗ്രി മൂന്നാം വർഷം എന്നീ ക്ലാസുകളുടെ പരീക്ഷാഫലങ്ങൾ ജൂൺ മാസം 9-ാം തീയതി പ്രസിദ്ധീകരിച്ചു. ബിൻസി പി. ജെ. കാഞ്ഞിരംകുളം, നയന വിൻസെന്റ് അമ്പിലികോണം, സ്നേഹ ജോസ് ചാരോട്ടുകോണം എന്നിവർ യഥാക്രമം 10,12, ഡിഗ്രി മൂന്നാം വർഷം എന്നീ ക്ലാസുകളിൽ ഒന്നാം റാങ്ക് നേടി.

## X

I



**ബിൻസി പി. ജെ.**
കാഞ്ഞിരംകുളം, നെയ്യാറ്റിൻകര

II



**അനീറ്റ എസ്. ജെ.**
അമ്പിലികോണം,പാറശ്ശാല

III



**അനഘ എ. സജു**
വെണ്ണിയൂർ, ബാലരാമപുരം

## XII

I



**നയന എൽ. വിൻസെന്റ്**
അമ്പിലികോണം, പാറശ്ശാല

II



**ലീന എൽ. പി.**
തിരുവല്ലം, ബാലരാമപുരം

III



**ഐശ്വര്യ എ. ഷിബു**
കാഞ്ഞിരംകുളം, നെയ്യാറ്റിൻകര

## Degree Final Year

I



**സ്നേഹ ബി. ജോസ്**
ചാരോട്ടുകോണം
പാറശ്ശാല

II



**രഞ്ജിത ഐ.എൻ.**
ചാരോട്ടുകോണം
പാറശ്ശാല



**സുജിത എൽ.**
പൂഴിക്കുന്ന്
ബാലരാമപുരം

III



**അനില എ. എം.**
കാഞ്ഞിരംകുളം
നെയ്യാറ്റിൻകര

## പുസ്തകവിതരണം

2023 – 2024 അധ്യായന വർഷത്തേക്ക് ആവശ്യമായ പുസ്തകം, ഡയറി എന്നിവ വിതരണം ചെയ്തു. ബാലരാമപുരം, നെയ്യാറ്റിൻകര, പാറശ്ശാല എന്നീ മൂന്ന് കേന്ദ്രങ്ങളിലായിട്ടാണ് പുസ്തകം വിതരണം ചെയ്തത്. ഇനിയും പുസ്തങ്ങൾ വാങ്ങാനുള്ളവർക്ക് സണ്ടേസ്കൂൾ ഓഫീസിൽ നിന്നും ലഭ്യമാണ്.

## റിസോഴ്സ് ടീം

വിശ്വാസ പരിശീലന പ്രക്രിയയിൽ സഹായകരമായി പ്രവർത്തിക്കാനുതകുന്ന രീതിയിൽ ഒരു റിസോഴ്സ് ടീം രൂപീകരിച്ചു. ഒരു വൈദിക ജില്ലയിൽ നിന്നും 10 അംഗങ്ങളെ വീതമാണ് റിസോഴ്സ് ടീമിലേക്ക് പരിഗണിച്ചത്. റിസോഴ്സ് ടീം പ്രവർത്തനസജ്ജമാകാൻ കൂടുതൽ സമയം ആവശ്യമാണ്.

## സ്ഥിതിവിവരശേഖരണം

ഓരോ അധ്യായന വർഷത്തിൽ ഇടവകകളിൽ വിശ്വാസ പരിശീലനത്തിൽ ഉൾപ്പെടുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവരങ്ങൾ രേഖപ്പെടുത്തി നല്കാൻ ഫോം നല്കുകയും പുസ്തക വിതരണത്തോട് അനുബന്ധിച്ച് അത് പൂരിപ്പിച്ച് വാങ്ങുകയും ചെയ്തു. സ്ഥിതിവിവര ഫോമിൽ നല്കിയിരിക്കുന്ന എണ്ണം അനുസരിച്ചാണ് പരീക്ഷകൾക്ക് ചോദ്യപേപ്പർ നല്കുന്നത്.

## പുനഃപരീക്ഷ

2022 – 2023 അധ്യായന വർഷത്തെ 10, 12, ഡിഗ്രി മൂന്നാം വർഷം എന്നീ ക്ലാസുകളിൽ പങ്കെടുക്കാത്തവർക്കും വിജയിക്കാത്തവർക്കുമായി ജൂൺ മാസം 25-ാം തീയതി ചാരോട്ടുകോണം ദൈവാലയത്തിൽ വച്ച് നടക്കുന്നു.

## ലോഗോസ് ക്വിസ് – 2023

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം : 1-1-2012-നും അതിനുശേഷവും ജനിച്ചവർ

B വിഭാഗം : 1-1-2007-നും 31-12-2011-നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 1-1-1992-നും 31-12-2006-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1972-നും 31-12-1991-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1959-നും 31-12-1971-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1958-നും അതിനു മുമ്പും ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ട താണ്. എല്ലാ രൂപതകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. 25 മത്സരാർത്ഥികളുള്ള ഒരു ഇടവകയെയോ ഒരു കത്തോലിക്കാസ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റ് രൂപം ഉണ്ടായിരിക്കുന്നതല്ല (വിഷയത്തിന്റെ പശ്ചാത്തല പഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനും കഴിഞ്ഞ വർഷങ്ങളിലെ ചോദ്യങ്ങൾക്കുമായി ജൂൺ 30-നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്). പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും ഇംഗ്ലീഷിന് NRSV ബൈബിളും തമിഴിന് TNBCLC-യുടെ തിരുവിവിലിയവും ആണ്.

അഖില കേരള മത്സരപ്പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്. ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ ഒക്ടോബർ 20ന് മുൻപായി പി.ഒ.സി.യിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല എഴുത്തുപരീക്ഷ കേരളത്തിലെ മൂന്നു സെന്ററുകളിൽ 2023 നവംബർ 5 ന് 2.pmന് ആരംഭിക്കും. ഓരോ ഗ്രൂപ്പിലെയും 10 പേർക്കുള്ള ഫൈനൽ നവംബർ 18-ാം തീയതി സംഘടിപ്പിക്കുന്നു. ലോഗോസ് പ്രതിഭ ടൈലെക്വിസ് പി.ഒ.സി.യിൽ വച്ച് നവംബർ 19-ാം തീയതിയായിരിക്കും.

## ബധിര ഭിന്നശേഷിക്കാർക്കുള്ള ലോഗോസ്

1. ഈ വർഷവും ബധിര-ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് പരീക്ഷ സംഘടിപ്പിക്കുന്നു. രൂപതയിൽ ഉന്നതമാർക്കു നേടുന്നവർക്കായി നവംബർ 18-ന് പി.ഒ.സിയിൽ ഫൈനൽ മത്സരം നടത്തുന്നു.
2. രൂപതയിൽനിന്ന് ഉന്നതമാർക്കു നേടുന്നവരെ തിരഞ്ഞെടുക്കുന്നതിനായി പൊതുപരീക്ഷയുടെ ചോദ്യപേപ്പറോ ഓരോ

രൂപതയും അവർക്കുവേണ്ടി പ്രത്യേകമായി നടത്തുന്ന പരീക്ഷയോ മത്സരമോ സംഘടിപ്പിക്കാവുന്നതാണ്.

3. സംസ്ഥാനതലത്തിൽ മത്സരിക്കുന്ന ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടി ഒരു മാതൃക ചോദ്യാവലി ആഗസ്റ്റ് മാസം അവസാനത്തിൽ നല്കുന്നതാണ്. മറ്റ് അറിയിപ്പുകൾ പിന്നീട് നല്കുന്നതാണ്.

## ലോഗോസ് ഫമിലിയ ക്വിസ്

1. ഒരു ടീമിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് രണ്ട് തലമുറകളിൽ നിന്നുള്ളവരായിരിക്കണം.
2. ഫമിലിയ പരീക്ഷയ്ക്ക് പൊതുപരീക്ഷയുടെ ചോദ്യപേപ്പർ ആയിരിക്കും. ഫാമിലി ടീമിലെ ഓരോരുത്തർക്കും കിട്ടുന്ന മാർക്കിന്റെ ആവറേജ് ആണ് ഫാമിലിയുടെ മാർക്കായി പരിഗണിക്കുക.
3. സംസ്ഥാനതലത്തിലെ പരീക്ഷയ്ക്ക് രൂപതയിൽനിന്ന് ഒരു ടീമിനെ മാത്രമെ അയക്കാവൂ.

## സമ്മാനങ്ങൾ

ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നല്കപ്പെടുന്നു.

ഏറ്റവും കൂടുതൽ മത്സരാർഥികളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും ജനസംഖ്യയ്ക്കാനുപാതികമായി കൂടുതൽപേരെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ക്യാഷ് അവാർഡ് ഉണ്ടായിരിക്കും.

60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B, C, D, E, F പ്രായവിഭാഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നല്കുന്നതായിരിക്കും. ലോഗോസ് ക്വിസ് 2023-ന്റെ പോസ്റ്റർ, രജിസ്ട്രേഷൻഷീറ്റ് എന്നിവയ്ക്ക് ഇടവകകൾ രൂപതാബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരുമായി ബന്ധപ്പെടേതാണ്.



# എം.സി.വൈ.എം.

## അസ്സീസിയൻസ് @ താബോർ - പാറശ്ശാല







എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പാറശ്ശാല വൈദികജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം 2023 മെയ് 7 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം കുടയാൽ ജപമാലമാതാ ദൈവാലയത്തിൽ വച്ച് നടന്നു. കരുണകൊന്തയോടെ ആരംഭിച്ച യുവജന ധ്യാനത്തിന് പ്രാരംഭ പ്രാർത്ഥന നടത്തിയത് ജില്ലാ വികാരി പെരിയ ബഹു. ഫാ. തോമസ് ഈട്ടിക്കാലായിൽ ആയിരുന്നു. ബഹു. ഫാ. ഷീൻ പാലക്കുഴി ധ്യാനചിന്തകൾ പങ്കുവച്ചു. യുവജനങ്ങളെ കുമ്പസാരത്തിനൊരുക്കുകയും എല്ലാ യുവജനങ്ങളും വി. കുമ്പസാരം നടത്തി വി. കുർബാനയുടെ ആരാധനയിൽ ഭക്തി

പൂർവം പങ്കുചേർന്നു. ജില്ലയിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുത്ത യുവജനങ്ങളാണ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. പാറശ്ശാല ജില്ലാ ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ നിരപ്പുവിള സമാപന സന്ദേശം നൽകി. ഭദ്രാസന ഡറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, പ്രസിഡന്റ് ശ്രീ. ശരത് ലാൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതിയാണ് അസ്സീസിയൻസ് @ താബോർ നയിക്കുന്നത്. യുവജന ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ പാറശ്ശാല വൈദികജില്ലയുടെ നേതൃത്വത്തിൽ കുടയാൽ യൂണിറ്റാണ് നടത്തിയത്. 200 ഓളം യുവജനങ്ങൾ പങ്കെടുത്ത യുവജന ധ്യാനം നേർച്ചകഞ്ഞിയോടെ സമാപിച്ചു.

## അസ്സീസിയൻസ് @ താബോർ – ചെമ്പൂർ







എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ചെമ്പൂർ വൈദികജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം 2023 ഏപ്രിൽ 21 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം പനച്ചമൂട് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്നു. കരുണകൊന്തയോടെ ആരംഭിച്ച യുവജന ധ്യാനത്തിന് പ്രാരംഭ പ്രാർത്ഥന നടത്തിയത് ബഹു. ജോർജ്ജ് കുരയ്ക്കോട്ട് ആയിരുന്നു. ബഹു. ഫാ. തോമസ് പൊറ്റപ്പുരയിടം ധ്യാന ചിന്തകൾ പങ്കുവച്ചു. ബഹു. ഫാ. വിമൽ വിൻ

സെന്റ് യുവജനങ്ങളെ കുമ്പസാരത്തിനൊരുക്കുകയും എല്ലാ യുവജനങ്ങളും വി. കുമ്പസാരം നടത്തി അനുഗ്രഹീതരാകുകയും ചെയ്തു. വി. കുർബാനയുടെ ആരാധനയിൽ യുവജനങ്ങൾ ഭക്തിപൂർവം പങ്കുചേർന്നു. ജില്ലയിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുത്ത യുവജനങ്ങളാണ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. ജോർജ്ജ് തോമസ് സമാപന സന്ദേശം നൽകി. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, പ്രസിഡന്റ് ശ്രീ. ശരത് ലാൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതിയാണ് അസ്സീസിയൻസ് @ താബോർ നയിക്കുന്നത്. യുവജന ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെമ്പൂർ വൈദികജില്ലയുടെ നേതൃത്വത്തിൽ പനച്ചമൂട് യൂണിറ്റാണ് നടത്തിയത്. 100 ഓളം യുവജനങ്ങൾ പങ്കെടുത്ത യുവജന ധ്യാനം നേർച്ചകഞ്ഞിയോടെ സമാപിച്ചു.

## അസ്സീസിയൻസ് @ താബോർ – കാട്ടാക്കട







എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കാട്ടാക്കട വൈദികജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം 2023 മെയ് 28 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം പുത്തൻകാവുവിള സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ച് നടന്നു. കരുണകൊന്തയോടെ ആരംഭിച്ച യുവജന ധ്യാനത്തിന് പ്രാരംഭ പ്രാർത്ഥന നടത്തിയത് ബഹു. ഫാ. സേവ്യർ കോണാത്തുവിളയായി

രുന്നു. ബഹു. ഫാ. തോമസ് പൊറ്റപ്പുരയിടം ധ്യാന ചിന്തകൾ പങ്കുവച്ചു. ബഹു. ഫാ. വിമൽ വിൻസെന്റ് യുവജനങ്ങളെ കുമ്പസാരത്തിനൊരുക്കുകയും എല്ലാ യുവജനങ്ങളും വി. കുമ്പസാരം നടത്തി അനുഗ്രഹീതരാകുകയും ചെയ്തു. ജില്ലയിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുത്ത യുവജനങ്ങളാണ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. വി. കുർബാനയുടെ ആരാധനയിൽ യുവജനങ്ങൾ ഭക്തിപൂർവം പങ്കുചേർന്നു. കാട്ടാക്കട ജില്ലാ ഡയറക്ടർ ബഹു. ഫാ. സേവ്യർ കോണാത്തുവിള സമാപന സന്ദേശം നൽകി. ഭദ്രാസന ഡറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, പ്രസിഡന്റ് ശ്രീ. ശരത് ലാൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതിയാണ് അസ്സീസിയൻസ് @ താബോർ നയിക്കുന്നത്. യുവജന ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ കാട്ടാക്കട വൈദികജില്ലയുടെ നേതൃത്വത്തിൽ പുത്തൻകാവുവിള യൂണിറ്റാണ് നടത്തിയത്. 200 ഓളം യുവജനങ്ങൾ പങ്കെടുത്ത യുവജന ധ്യാനം നേർച്ചകഞ്ഞിയോടെ സമാപിച്ചു.

## അസ്സീസിയൻസ് @ താബോർ - ബാലരാമപുരം







എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ബാലരാമപുരം വൈദികജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം 2023 ജൂൺ 4 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം ബാലരാമപുരം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് നടന്നു.

കരുണകൊന്തയോടെ ആരംഭിച്ച യുവജന ധ്യാനത്തിന് പ്രാരംഭ പ്രാർത്ഥന നടത്തിയത് ബഹു. ഫാ. ഷീൻ പാലക്കുഴിയായിരുന്നു. ബഹു. ഫാ. തോമസ് പൊറ്റപ്പുരയിടം ധ്യാന ചിന്തകൾ പങ്കുവച്ചു. ബഹു. ഫാ. വിമൽ വിൻസെന്റ് യുവജനങ്ങളെ കുമ്പസാരത്തിനൊരുക്കുകയും എല്ലാ യുവജനങ്ങളും വി. കുമ്പസാരം നടത്തി അനുഗ്രഹീതരാകുകയും ചെയ്തു. വി. കുർബാനയുടെ ആരാധനയിൽ യുവജനങ്ങൾ ഭക്തിപൂർവം പങ്കുചേർന്നു. ജില്ലയിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുത്ത യുവജനങ്ങളാണ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. ബാലരാമപുരം ജില്ലാ ഡയറക്ടർ ബഹു. ഫാ. ജറോം കുന്നിൻപുറത്ത് സമാപന സന്ദേശം നൽകി. ഭദ്രാസന ഡറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, പ്രസിഡന്റ് ശ്രീ. ശരത് ലാൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതിയാണ് അസ്സീസിയൻസ് @ താബോർ നയിക്കുന്നത്. യുവജന ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ ബാലരാമപുരം വൈദിക ജില്ലയുടെ നേതൃത്വത്തിൽ ബാലരാമപുരം യൂണിറ്റാണ് നടത്തിയത്. 200 ഓളം യുവജനങ്ങൾ പങ്കെടുത്ത യുവജന ധ്യാനം നേർച്ചകഞ്ഞിയോടെ സമാപിച്ചു.

## അസ്സീസിയൻസ് @ വനിക: പ്രകൃതിയുടെ വിരിമാറിൽ യുവജന കൂട്ടായ്മ

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ പരിസ്ഥിതി ദിനാഘോഷം 2023 ജൂൺ 10 ശനിയാഴ്ച കുറ്റിച്ചൽ-പേപ്പാറ പ്രദേശങ്ങളിലായി നടന്നു. പരിസ്ഥിതി ദിനാഘോഷം കാട്ടാക്കട വൈദിക ജില്ലാ ഡയറക്ടർ ബഹു. ഫാ. സേവ്യർ കോണത്തുവിള ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത്‌ലാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഭദ്രാസന അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ് ആമുഖ സന്ദേശവും ഭദ്രാസന ആനിമേറ്റർ സി. സീനാ ജോൺ ഡി.എം., കാട്ടാക്കട വൈദിക ജില്ലാ പ്രസിഡന്റ് ശ്രീ. പിയൂഷ് പോൾ, യൂണിറ്റ് ഡയറക്ടർ ഫാ. അബിൻ മുല്ലയ്ക്കൽ എന്നിവർ ആശംസകളും അറിയിച്ചു. പ്രകൃതിയെ കൂടുതൽ അടുത്തറിയാനായി യുവജനങ്ങൾ ഒരുമിച്ച് പേപ്പാറ ഡാമിന് അടുത്തുള്ള വനമേഖല സന്ദർശിച്ച് ട്രക്കിംഗ് നടത്തി. ഫോറസ്റ്റ് ഓഫീസർമാർ വനമേഖലയുടെ സവിശേഷതകളും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും യുവജനങ്ങളുമായി പങ്കുവച്ചു. പ്രകൃതിയുടെ വിരിമാറിൽ പുതുമ നിറഞ്ഞ കളികളും വ്യത്യസ്ത നിറഞ്ഞ ഗാനങ്ങ

ളുമായി യുവജനങ്ങൾ പരിസ്ഥിതി ദിനാഘോഷം ഹൃദ്യമാക്കി തീർത്തു. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് സമാപന സന്ദേശം നൽകി. ജില്ലാ ഡയറക്ടറുമാരായ ഫാ. ജീമോൻ കുന്നിൻപുറത്ത്, ഫാ. ജോർജ്ജ് കുരയ്ക്കോട്ട്, ജില്ലാ ആനിമേറ്റർമാരായ സി. ദീപാ ജോസ് ഡി.എം., സി. ജോ മരിയ ഡി.എം., സി. കാൻഡിഡ എസ്. ഐ. സി., സി. നിസീമാ ഡി.എം. എന്നിവർ ആഘോഷപരിപാടികളിൽ സന്നിഹിതരായിരുന്നു. വളരെ ഹൃദ്യമായ ക്രമീകരണങ്ങൾ ചെയ്ത് ആതിഥേയത്വം വഹിച്ചത് കാട്ടാക്കട വൈദികജില്ലയും കുറ്റിച്ചൽ യൂണിറ്റുമായിരുന്നു.


## അസ്സീസിയൻ സാഹിത്യോത്സവം




പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കാനായി സംഘടിപ്പിച്ച സാഹിത്യ രചനാ മത്സരങ്ങൾ, അസ്സീസിയൻ സാഹിത്യോത്സവം ജൂൺ 28 ബുധനാഴ്ച ജില്ലാ കേന്ദ്രങ്ങളിൽ വച്ച് രാവിലെ 9 മണി മുതൽ നടന്നു. ഉപന്യാസ രചന (ഇംഗ്ലീഷ്, മലയാളം), കവിതാ രചന, ചിത്രരചന, ചെറുകഥ രചന, വേദവാക്യരചന, പേപ്പർ ക്രാഫ്റ്റ് (വിഷയം : ഇടവക ദൈവാലയം) ബൈബിൾ ക്വിസ് എന്നീ ഇനങ്ങളിലാണ് യുവജനങ്ങൾ മത്സരിച്ചത്. ജില്ലാ സമിതികൾ

ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. യുവജന ധ്യാനത്തിൽ (അസ്സീസിയൻ @ താബോർ) പങ്കെടുത്തവർക്ക് മാത്രമേ ഈ വർഷത്തെ മത്സരങ്ങളിൽ പങ്കെടുക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ.

## മാർ ഈവാനിയോസ് അനുസ്മരണ പദയാത്ര




ഭാഗ്യസ്മരണാർഹനും ദൈവദാസനുമായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയാചരണത്തിന്റെ ഭാഗമായുള്ള തീർത്ഥാടന പദയാത്ര ഈ വർഷം പുനരാരംഭിക്കുകയാണ്. പാറശ്ശാല ഭദ്രാസനത്തിൽ 2023 ജൂലൈ 13, 14 തീയതികളിലായി ഭദ്രാസനതല പദയാത്ര നടത്തുന്നതാണ്. ചാരോട്ടുകോണം തീർത്ഥാടന ദൈവാലയത്തിൽ നിന്നും പനച്ചമൂട് ദൈവാലയത്തിൽ നിന്നും ആരംഭിക്കുന്ന പദയാത്രകൾ തിരുവനന്തപുരത്തെത്തി ഒന്നിച്ചാണ് 14-ാം തീയതി വൈകിട്ട് പട്ടം കബറിങ്കലേയ്ക്ക് പ്രവേശിക്കുന്നത്. പദയാത്രയിൽ നിയോഗത്തോടും പ്രാർത്ഥനാപൂർവവും ഏവരും പങ്കെടുക്കേണ്ടതാണ്.

**പദയാത്ര കടന്നുപോകുന്ന വഴികൾ:**

**<u>പാറശ്ശാല, നെയ്യാറ്റിൻകര, ബാലരാമപുരം വൈദിക ജില്ലകൾ</u>**

**ഒന്നാം ദിവസം ജൂലൈ 13, വ്യാഴം, രാവിലെ 6.30 ന്**

ചാരോട്ടുകോണം തീർത്ഥാടന ദൈവാലയം, പഴയ ഉച്ചക്കട ദൈവാലയം, പൂവാർ, പാമ്പുകാല ദൈവാലയം, കാഞ്ഞിരംകുളം ദൈവാലയം (ഉച്ചഭക്ഷണം), നെല്ലിമൂട് ഡി.എം. കോൺവെന്റ്, സിസിലിപുരം, ചാവടിനട, വെണ്ണിയൂർ ദൈവാലയം (വിശ്രമം)

**രണ്ടാം ദിവസം ജൂലൈ 14, വെള്ളി, രാവിലെ 6.30 ന്**

ഡി.എം. പ്രൊവിൻഷ്യലേറ്റ്, പൂങ്കുളം, തിരുവല്ലം ദൈവാലയം, പാപ്പനംകോട് ദൈവാലയം (ഉച്ചഭക്ഷണം), കരമന, പാളയം, പി.എം.ജി. ലൂർദ്ദ് ദൈവാലയം

## ചെമ്പൂർ, കാട്ടാക്കട വൈദിക ജില്ലകൾ

**ഒന്നാം ദിവസം, ജൂലൈ 13, വ്യാഴം, രാവിലെ 6.30 ന്**

പനച്ചമൂട് ദൈവാലയം, വെള്ളറട, കിളിയൂർ, അരുവാട്ടുകോണം ദൈവാലയം, ചെമ്പൂർ ദൈവാലയം, ഒറ്റശേഖരമംഗലം ദൈവാലയം (ഉച്ചഭക്ഷണം), വിശ്വദീപ്തി സ്കൂൾ, കാട്ടാക്കട ദൈവാലയം (വിശ്രമം)

**രണ്ടാം ദിവസം, ജൂലൈ 14, വെള്ളി, രാവിലെ 6.30 ന്**

കാട്ടാക്കട ദൈവാലയം, കിള്ളി, അന്തിയൂർക്കോണം, മലയിൻകീഴ് ദൈവാലയം, തച്ചോട്ടുകാവ് ദൈവാലയം (ഉച്ചഭക്ഷണം), പേയാട്, വലിയവിള ദൈവാലയം, ശാസ്തമംഗലം, പി.എം.ജി. ലൂർദ്ദ് ദൈവാലയം **തുടർന്ന് ഒന്നിച്ച് പട്ടം കബർ ചാപ്പൽ**

***പ്രത്യേക നിർദ്ദേശങ്ങൾ***

* വ്രതാനുഷ്ഠാനത്തോടെ പദയാത്രയിൽ പങ്കുചേരുക
* പദയാത്രയിൽ പങ്കുചേരുന്നവർ കാഷായ വേഷം ധരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക
* പദയാത്രയിൽ ആദ്യാവസാനം പൂർണമായി പങ്കെടുക്കാൻ പരിശ്രമിക്കുക.
* മുതിർന്നവരും, യുവജനങ്ങളും, കുഞ്ഞുങ്ങളും പദയാത്രയിൽ പങ്കുചേരേണ്ടതാണ്.
* പദയാത്ര കടന്നുപോകുന്ന വഴികളിലെ ഇടവകകളിൽ ഉചിതമായ രീതിയിൽ പദയാത്രികരെ സ്വീകരിക്കേണ്ടതും, ആചാര്യന്മാരുടെ ധൂപപ്രാർത്ഥനയ്ക്കുള്ള ഒരുക്കം ദൈവാലയത്തിനകത്ത് ചെയ്യേണ്ടതുമാണ്.
* മറ്റു ഇടവകകൾ ജില്ലകളുടെ ക്രമീകരണമനുസരിച്ച് വിവിധ സ്ഥലങ്ങളിൽ പദയാത്രയെ സ്വീകരിക്കേണ്ടതാണ്.
* പദയാത്രയിൽ പങ്കെടുക്കുന്നവർക്ക് തിരികെ വരാനുള്ള വാഹനം ഇടവകയുടെ നേതൃത്വത്തിൽ പൊതുവായി ക്രമീകരിക്കാൻ ശ്രദ്ധിക്കുക

* പദയാത്ര കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകളിൽ പൊതുജനത്തിന് തടസ്സമാകാത്തവിധം മാർ ഈവാനിയോസ് പിതാവിന്റെ ഫോട്ടോ വച്ച് അലങ്കരിക്കുന്നത് ഉചിതമായിരിക്കും.

## സ്വാഗതം

എം.സി.വൈ.എം. പാറശ്ശാല വൈദിക ജില്ലാ ഡയറക്ടറായി ചുമതലയേറ്റ ബഹു. ഫാ. ജീമോൻ കുന്നിൻപുറത്തിനും ബാലരാമപുരം വൈദിക ജില്ലാ ഡയറക്ടറായി ചുമതലയേറ്റ ബഹു. ഫാ. ജെറോം കുന്നിൻപുറത്തിനും പാറശ്ശാല ഭദ്രാസന യുവജനകുടുംബത്തിലേയ്ക്ക് സ്വാഗതം.




**ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന പദയാത്ര**



# സെമിനാരി വാർത്തകൾ

## ഡീക്കൻ പട്ടം

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി മൂന്ന് വൈദിക വിദ്യാർത്ഥികൾ 2023 മെയ് 27 രാവിലെ 6.30ന് പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയിൽ നിന്നും പൂർണ ശെമ്മാശ പട്ടമായ ഡീക്കൻ പട്ടം സ്വീകരിച്ചു. പാറശ്ശാല കത്തീഡ്രൽ ഇടവകയിൽ നിന്നും ഡീക്കൻ കോട്ടവിള ജോഷ്വാ, അമ്പിളികോണം ഇടവകയിൽ നിന്നും ഡീക്കൻ ജോൺ പോൾ, തൊഴിക്കൽകോണം ഇടവകയിൽ നിന്നും ഡീക്കൻ തിരുഹൃദയം സാമുവൽ എന്നിവരാണ് ശ്ലൈഹീകമായ കൈവയ്പ്പു വഴി ഈ ശുശ്രൂഷ പദവിയിലേക്ക് ഉയർത്തപ്പെട്ടത്. ക്രമീകരണങ്ങൾക്ക് മൈനർ സെമിനാരി റെക്ടർ റവ. ഫാ. അലോഷ്യസ് തുണ്ട്തട്ട് നേതൃത്വം നൽകി.

പാറശ്ശാല ഭദ്രാസനത്തിന് വേണ്ടി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ തൃക്കരങ്ങളാൽ റോമിലെ പൊന്തിഫിക്കൽ ഉർബൻ കോളേജ് ചാപ്പലിൽ വച്ച് 2023 ഏപ്രിൽ 22 ന് പൂർണ്ണ ശെമ്മാശപട്ടമായ ഡീക്കൻ പട്ടം, ചാരോട്ടുകോണം ഇടവകയിൽ നിന്നുള്ള തോട്ടത്തുവിള ഗോഡ്സൺ സ്വീകരിച്ചു

## വൈദിക വസ്ത്ര സ്വീകരണവും ചെറുപട്ടങ്ങളും

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി 2023 മെയ് 26 രാവിലെ 6 30ന് പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരി ചാപ്പലിൽ വച്ച് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയിൽ നിന്ന് ബ്രദർ അരുവിക്കുഴി അലക്സ് വൈദിക വസ്ത്രം സ്വീകരിക്കുകയും ബ്രദർ തുണ്ടിയിൽ സിബി, ബ്രദർ ക്രൈസ്റ്റ് നിവാസ് ഫിലിപ്പ്, ബ്രദർ ഉഴുന്നുവിളയിൽ അൽഫോൻസൂസ്, ബ്രദർ മുല്ലശ്ശേരി അനിറ്റ്,

ബ്രദർ കാരവിള ബോസ്കോ, ബ്രദർ ചെമ്മന്തട്ടിൽ ഡിജോ എന്നിവർ ഹെവ്പദിയാക്കോനോ പട്ടവും ബ്രദർ പുത്തൻവീട് ജോബി, ബ്രദർ ശാലോം ഭവൻ അഖിൽ പീറ്റർ ബ്രദർ ചെമ്മന്തട്ടിൽ ജോൺ എന്നിവർ മ്സമറോനോ കോറൂയോ പട്ടവും സ്വീകരിച്ചു. ക്രമീകരണങ്ങൾക്ക് മൈനർ സെമിനാരി റെക്ടർ റവ. ഫാ. അലോഷ്യസ് തുണ്ടതട്ട് നേതൃത്വം നൽകി

## മേജർ സെമിനാരി ക്യാമ്പ്

പാറശ്ശാല ഭദ്രാസനത്തിലെ മേജർ സെമിനാരിയിൽ പഠിക്കുന്ന വൈദിക വിദ്യാർഥികൾക്ക് 2023 മെയ് 21, 22, 23 തീയതികളിൽ വെങ്ങാനൂർ വി.പി.എസ്. മലങ്കര ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ക്യാമ്പ് നടത്തി.

## വൈദിക പരിശീലനത്തിലേക്ക് പ്രവേശിച്ചു

പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനത്തിനായി അഞ്ച് വൈദിക വിദ്യാർഥികളെ പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ജൂൺ മാസം പതിനെട്ടാം തീയതി സെമിനാരിയിൽ സ്വീകരിച്ചു.

1. സിറിൽ (മൈലക്കര), 2. അർജുൻ (ചെമ്പരത്തിവിള)
3. അഫിൻ (അമ്പിളികോണം), 4. ആൽബിൻ (അമ്പിളികോണം)
5. ജിഷ്ലിൻ (വടകര)



## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സഹായവിതരണം

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ മൂന്നാം വാർഷിക സമ്മേളനം 2023 മെയ്



27-ാം തീയതി ശനിയാഴ്ച നീറമൺകുഴി (എരുത്താവൂർ) ദൈവാലയ ത്തിൽ വച്ച് നടത്തി. സമ്മേളനം പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭി വന്ദ്യ തോമസ് മാർ യൗസേബിയോസ് ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന സെമിനാർ എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ. ഡോ. പ്രഭീഷ് ജോർജ്ജ് നയിച്ചു. നെയ്യാറ്റിൻകര സി.സി. പ്രസിഡന്റ് ബ്രദർ റോബിൻ സെൽവരാജ് എൻ അതിഥിയായി പങ്കെടുത്തു.

## രാത്രി ഭക്ഷണ വിതരണം

SSVP മൈലക്കര എ.സി യുടെ ആഭിമുഖ്യത്തിൽ പ്ലമ്പഴിഞ്ഞി ഓൾഡേജ് ഹോം കരുണാലയത്തിൽ രാത്രി ഭക്ഷണ വിതരണം ലിറ്റിൽ ഫ്ളവർ കോൺഫറൻസിന്റെ നേതൃത്വത്തിൽ നടത്തി. ഭക്ഷണ വിത രണോദ്ഘാടനം, സി.സി. പ്രസിഡന്റ് ബ്രദർ ഐ. വേലപ്പൻ നിർവ്വഹിച്ചു. ചടങ്ങിൽ വീൽചെയറും വിതരണം ചെയ്തു.



# Kshema Integrated Development Society (KIDS)

## ‘സജീവം’ ലഹരി വിരുദ്ധ ക്യാമ്പയിൻ




കാരിത്താസ് ഇന്ത്യയുടെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും സഹായത്തോടെ നടത്തുന്ന സജീവം - ലഹരി വിരുദ്ധ ക്യാമ്പയിൻ, ഭദ്രാസന സൺഡേ സ്കൂൾ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന എം.ബി.ഒ.സി. ക്യാമ്പുകളിൽ, ലഹരിയെക്കുറിച്ചുള്ള അവബോധം നൽകുകയുണ്ടായി.

2023 മെയ് പതിമൂന്നാം തീയതി ചാരോട്ടുകോണം ദൈവാലയത്തിൽ വച്ച് നടന്ന ഭദ്രാസന മതാധ്യാപകരുടെ സംഗമത്തിലും ജൂൺ പതിനെട്ടാം തീയതി ചായ്ക്കോട്ടുകോണം ഇടവകയിൽ വച്ച് നടന്ന നെയ്യാറ്റിൻകര വൈദിക ജില്ല അജപാലന സമിതി യോഗത്തിലും ജൂൺ 28-ാം തീയതി കാഞ്ഞിരംകുളം ഇടവകയിൽ വച്ച് നടന്ന മതാധ്യാപക സെമിനാറിലും സജീവം പരിപാടികളെക്കുറിച്ച് ബോധവൽക്കരണം നടത്തി. ശ്രീ. ജെയിംസ്, ശ്രീ. അനീഷ്, ഫാ. ജോൺ പുന്നാര, ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവരായിരുന്നു ക്ലാസുകൾക്ക് നേതൃത്വം നൽകിയത്.

## അന്താരാഷ്ട്ര പരിസ്ഥിതി ദിനാഘോഷം



കേരള സോഷ്യൽ സർവീസ് ഫോറവുമായി സഹകരിച്ച് ക്ഷേമ യുടെ ആഭിമുഖ്യത്തിൽ, പരിസ്ഥിതി ദിനാഘോഷം സമുചിതമായി ആഘോഷിച്ചു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, നെയ്യാറ്റിൻകര എം.എൽ.എ. ശ്രീ. ആൻസലൻ, പാറശ്ശാല പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മഞ്ജു സ്മിതാ, ഡോ. സുരേഷ് കുമാർ, കെ.എസ്.എസ്.എഫ്. ടീം ലീഡർ ടോണി സണ്ണി എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. യോഗത്തിൽ പങ്കെടുത്ത 600-ൽ പരം അയൽക്കൂട്ട അംഗങ്ങൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

ഈ യോഗത്തിൽ വച്ച് പതിനഞ്ചോളം നിർദ്ധനരായ ക്യാൻസർ രോഗികൾക്ക്, ആശാകിരണം പദ്ധതിയുടെ ഭാഗമായി അഭ്യുദയകാംക്ഷികളുടെ സഹായത്തോടെ ചികിത്സാ സഹായം വിതരണം ചെയ്തു.

ഇതോടനുബന്ധിച്ച് തന്നെ അയൽക്കൂട്ട കുടുംബങ്ങളിൽ നിന്ന് മുഴുവൻ എ പ്ലസ് വാങ്ങിയ വിദ്യാർത്ഥികളെയും സിവിൽ സർവീസ് പരീക്ഷയിൽ 585-ാമത് റാങ്ക് കരസ്ഥമാക്കിയ, പാറശ്ശാല ഭദ്രാസനംഗമായ ശ്രീമതി മെറീനാ വിക്ടറിനെയും അഭിവന്ദ്യ പിതാവ് ക്ഷേമയ്ക്ക് വേണ്ടി ആദരിക്കുകയുണ്ടായി.

## ലഹരി വിരുദ്ധ റാലി




സജീവം പദ്ധതിയുടെ ഭാഗമായി 2023 ജൂൺ നാലാം തീയതി പാറശ്ശാല ടൗണിലൂടെ ക്ഷേമയുടെ അറുന്നൂറോളം അയൽക്കൂട്ട അംഗങ്ങളെ പങ്കെടുപ്പിച്ച് പ്ലക്കാടുകൾ ഏന്തിയും, മുദ്രാവാക്യങ്ങൾ വിളിച്ചും മനോഹരമായ ലഹരി വിരുദ്ധ റാലി നടത്തുകയുണ്ടായി ക്ഷേമ ടീം എല്ലാ പരിപാടികൾക്കും നേതൃത്വം നൽകി.

## KSSF ജനറൽ ബോഡി യോഗം



കോട്ടയം ആമോസ് സെന്ററിൽ വച്ച് നടന്ന കെ.എസ്.എസ്.എഫ്. ജനറൽ ബോഡി യോഗത്തിൽ നമ്മുടെ ഭദ്രാസനത്തിൽ നിന്നും ഫാ. ജോൺ പുന്നാര, ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി എന്നിവർ സംബന്ധിച്ചു.

## ഭദ്രാസന പ്രെസ്ബിറ്ററൽ കൗൺസിൽ യോഗം

2023 ജൂൺ 26-ാം തീയതി കുടയാൽ ദൈവാലയത്തിൽ വച്ച് നടത്തിയ ഭദ്രാസന പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്ത്, ക്ഷേമ ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം




പ്രാവച്ചമ്പലം മാർ ഗ്രിഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂളുമായി സഹകരിച്ച് ക്ഷേമയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം സമുചിതമായി ആഘോഷിച്ചു. അഡ്വക്കേറ്റ് ലിജോ റോയ് സന്ദേശം നൽകി. കുട്ടികൾ എല്ലാവരും ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു പ്രിൻസിപ്പാൾ ശ്രീ. സെൽവരാജ്, ലോക്കൽ മാനേജർ ഫാ. ജെറോം കുന്നിൻപുറത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ചു.




Apostalate for accompanying young families സമ്മേളനം അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്നു




അന്താരാഷ്ട്ര പരിസ്ഥിതി ദിനാഘോഷം



പാറശ്ശാല ഭദ്രാസന കുടുംബ പ്രേക്ഷിത കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന 2023 മെയ് മാസത്തെ വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർ



**അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത കൂദാശ ചെയ്ത**
**ചായ്ക്കോട്ടുകോണം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം**



**അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത കൂദാശ ചെയ്ത**
**കള്ളിയൽ നിത്യസഹായമാതാ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം**

Printed and Published by Very Rev. Fr. Bijoy Ooralivila (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502

Design & Layout : Syam, Nia Graphics, Chowara 9747 044 811